"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - പത്തനംതിട്ട ജില്ല - വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത് ഓഫീസ് - ക്ലർക്ക് - ശ്രീ അനീഷ് എൻ യു - ന് ജോലി കഴിഞ്ഞ് വീട്ടിലേക്കുള്ള യാത്രാമദ്ധ്യ സംഭവിച്ച അപകടത്തെ തുടർന്ന് വിശ്രമത്തിനായി അനുവദിച്ച ആർജ്ജിതാവധി ഒഴികെയുള്ള വിവിധ അവധികൾ പ്രത്യേക അവശതാവധിയായി പരിവർത്തനം ചെയ്ത് അനുവദിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ)വകുപ്പ്**

സ.ഉ.(സാധാ) നം.71/2026/LSGD തീയതി,തിരുവനന്തപുരം, 09-01-2026

---

പരാമർശം:-

1. 30.07.2020-ലെ 42/2020/ധന നമ്പർ സർക്കുലർ
2. വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 31.05.2021ലെ എ1-3688/19 നമ്പർ നടപടിക്രമങ്ങൾ
3. വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 23.06.2021 ലെ എ1-3688/19 നമ്പർ നടപടിക്രമങ്ങൾ
4. വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 14.07.2021ലെ എ1-3688/19 നമ്പർ നടപടിക്രമങ്ങൾ
5. വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 19.07.2021 ലെ എ1-3688/19 നമ്പർ നടപടിക്രമങ്ങൾ
6. വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 28.07.2021 ലെ എ1-3688/19 നമ്പർ നടപടിക്രമങ്ങൾ
7. വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01.08.2021 ലെ എ1-3688/2019 നമ്പർ നടപടിക്രമങ്ങൾ
8. വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 14.09.2021ലെ എ1-3688/2019 നമ്പർ നടപടിക്രമങ്ങൾ
9. 16.08.2022ലെ 70/2022/ധന നമ്പർ സർക്കുലർ
10. ശ്രീ.അനീഷ് എൻ യു സമർപ്പിച്ച 12.10.2022ലെ അവധി അപേക്ഷകൾ

11. 18.09.2024ലെ 40/ഇപിഎ1/2024-തസ്വഭവ നമ്പർ സർക്കാർ കത്ത്

12. ശ്രീ.അനീഷ് എൻ യു സമർപ്പിച്ച 15.11.2024ലെ അപേക്ഷ

13. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 23.04.2024ലെ LSGD/PD/25725/2023-DEC3 നമ്പർ കത്ത്

14. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 25.02.2025ലെ LSGD/PD/41524/2024-DEC3 നമ്പർ കത്ത്

<u>ഉത്തരവ്</u>

പത്തനംതിട്ട ജില്ലയിലെ വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത് ഓഫീസിൽ ക്ലർക്കായി സേവനം അനുഷ്ഠിക്കുന്ന ശ്രീ അനീഷ് എൻ യു-ന് അനുവദിച്ചിരുന്ന അവധികൾ പ്രത്യേക അവശതാവധിയായി പരിവർത്തനം ചെയ്യുന്നതിന് പരാമർശം (10) പ്രകാരം സമർപ്പിച്ച അവധി അപേക്ഷകൾ പരാമർശം (11) പ്രകാരം നിരസിച്ച നടപടി പുന പരിശോധിക്കണമെന്നാവശ്യപ്പെട്ട് ടിയാൻ പരാമർശം (12) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (14) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

2. ജോലി കഴിഞ്ഞു വീട്ടിലേക്കുള്ള യാത്രമദ്ധ്യേ സംഭവിക്കുന്ന അപകടങ്ങൾക്ക് സ്പെഷ്യൽ ഡിസബിലിറ്റി ലീവ് അനുവദനീയമല്ലെന്ന് പരാമർശം (1) പ്രകാരം നിഷ്കർഷിച്ചിരുന്നതിനാൽ 19.05.2021 തീയതിയിൽ ജോലി കഴിഞ്ഞു വീട്ടിലേക്കുള്ള യാത്ര മദ്ധ്യേയുണ്ടായ വാഹനാപകടത്തെ തുടർന്ന് ചികിത്സയിലായിരുന്ന ശ്രീ.അനീഷ് എൻ യു -ന് പരാമർശം (2) പ്രകാരം 20.05.2021 - 31.05.2021 വരെ അർദ്ധ വേതനാവധിയും പരാമർശം (3) പ്രകാരം 01.06.2021 - 30.06.2021 വരെ ആർജ്ജിതാവധിയും പരാമർശം (4) പ്രകാരം 01.07.2021 മുതൽ 14.07.2021 വരെ - പരിവർത്തിത ആർജ്ജിത അവധിയും പരാമർശം (5) പ്രകാരം 15.07.2021 - 19.07.2021 വരെ - പരിവർത്തിത അവധിയും പരാമർശം (6) 20.07.2021 - 31.07.2021 (12 ദിവസം) വരെ ശൂന്യവേതന അവധിയും പരാമർശം (7) പ്രകാരം 01.08.2021 മുതൽ 17.08.2021 വരെ ശൂന്യവേതനാവധിയും പരാമർശം (8) പ്രകാരം 14.09.2021 മുതൽ 27.09.2021 വരെ ശൂന്യവേതനാവധിയും അനുവദിച്ചിരുന്നുവെന്നും എന്നാൽ പരാമർശം (1) സർക്കുലർ പരാമർശം (9) പ്രകാരം റദ്ദ് ചെയ്ത സാഹചര്യത്തിൽ മേൽ പ്രകാരം അനുവദിച്ചിരുന്ന അവധികൾ പ്രത്യേക അവശതാവധിയായി പരിവർത്തനം ചെയ്യുന്നതിന് ടിയാൻ പരാമർശം (10) പ്രകാരം സമർപ്പിച്ച അവധി അപേക്ഷകൾ പരാമർശം (13) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

3. കെ.എസ്.ആർ., ഭാഗം ഒന്ന്, ചട്ടം 76 ന് ചുവടെയുള്ള പ്രൊവിസോ പ്രകാരം ആർജ്ജിത അവധി മറ്റൊരു അവധിയായി പരിവർത്തനം ചെയ്യുവാനാകില്ല എന്നതിനാലും, കെ.എസ്.ആർ., ഭാഗം II, ചട്ടം 89 (i) ന് ചുവടെയുള്ള രണ്ടാം പ്രൊവിസോ പ്രകാരം അവധി അനുവദിച്ച ഉത്തരവ് തീയതി മുതൽ ഒരു വർഷത്തിനകം മാത്രമേ അവധി പരിവർത്തനം ചെയ്യാൻ സാധിക്കുകയുള്ളു എന്നതിനാലും, ശ്രീ അനീഷ് അവധി അനുവദിച്ച ഉത്തരവ് തീയതികൾക്ക് ഒരു വർഷത്തിന് ശേഷം (12.10.2022 ൽ) മാത്രമാണ് പ്രത്യേക അവശത അവധിയായി പരിവർത്തനം ചെയ്യുവാൻ അപേക്ഷ നൽകിയത് എന്നതിനാലും ശ്രീ അനീഷ് എൻ യു -ന് അനുവദിച്ച അവധികൾ സ്പെഷ്യൽ ഡിസ്എബിലിറ്റി ലീവ് ആക്കി മാറ്റണമെന്ന അപേക്ഷ പരിഗണിക്കാനാവില്ല എന്ന് പരാമർശം (11) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ അറിയിച്ചിരുന്നു.

4.വാഹനാപകടം നടന്ന 19.05.2021 മുതൽ ദീർഘനാൾ ചികിത്സയിലായിരുന്നെന്നും അപകടശേഷം പരസഹായമില്ലാതെ നടക്കുന്നതിന് മൂന്ന് മാസത്തിൽ കൂടുതൽ സമയമെടുത്തുവെന്നും ആയതിനാൽ കൃത്യസമയത്ത് പ്രത്യേക അവശതാ അവധിയെ പറ്റി അന്വേഷിക്കാനോ അപേക്ഷ സമർപ്പിക്കാനോ സാധിച്ചിരുന്നില്ല എന്നും കോവിഡ്-19 മഹാമാരിയുടെ സമയമായതിനാലും അറിവില്ലായ്മ മൂലവും ടിയാന് സമയബന്ധിതമായി ചട്ടപ്രകാരമുള്ള അവധി അപേക്ഷ സമർപ്പിക്കാൻ സാധിച്ചിരുന്നില്ല എന്നും അവധി അനുവദിച്ച ഉത്തരവ് തീയതികൾക്ക് ഒരു വർഷം മുമ്പ് 02.03.2022 ൽ തന്നെ അവധി പരിവർത്തനം ചെയ്യുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിരുന്നതായും അധിക രേഖകളാണ് 12.10.2022ന് സമർപ്പിച്ചിട്ടുള്ളതെന്നും ആയതിനാൽ അവധി പരിവർത്തനം ചെയ്യുന്നതിനുള്ള ടിയാന്റെ ക്ലെയിം നിലനിൽക്കുന്നതായും ആയതിനാൽ KSR PART II ചട്ടം 89(1)ന് ചുവടേയുള്ള രണ്ടാം പ്രൊവിസോ ടിയാന്റെ കാര്യത്തിൽ ബാധകമാകുന്നില്ലെന്നും KSR Part I ചട്ടം 97(4) പ്രകാരം പ്രത്യേക അവശത അവധിയെ മറ്റേത് അവധിയോടൊപ്പവും ചേർത്തെടുക്കുന്നതിന് തടസ്സമില്ലെന്ന് വ്യക്തമാക്കിയിട്ടുള്ളതായും ആയതിനാൽ പരാമർശം (11) പുന:പരിശോധിക്കണമെന്നും പരാമർശം (12) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

5.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ എസ് ആർ ഭാഗം 1 , ചട്ടം 89, ചട്ടം 76 എന്നിവ പ്രകാരം ഏതൊരു അവധിയും അനുവദിച്ച ഉത്തരവ് തീയതി മുതൽ ഒരു വർഷത്തിനകം അപേക്ഷിച്ചിട്ടുണ്ടെങ്കിൽ , യഥാർത്ഥ അവധി അനുവദിച്ച സമയത്ത് ഉദ്യോഗസ്ഥന് അനുവദനീയമായ മറ്റേതെങ്കിലും തരത്തിലുള്ള അവധിയിലേക്ക് മുൻകാല പ്രാബല്യത്തോടെ പരിവർത്തനം ചെയ്യാവുന്നതാണ് എന്നതിനാലും കെ എസ് ആർ ഭാഗം 1 , ചട്ടം 76 ന് ചുവടെയുള്ള ഒന്നാം പ്രൊവിസോ , ചട്ടം 89 ന് ചുവടെയുള്ള ഒന്നാം പ്രൊവിസോ എന്നിവ പ്രകാരം

ആർജ്ജിതാവധി മറ്റ് തരത്തിലുള്ള അവധിയായി പരിവർത്തനം ചെയ്യുന്നതിന് വ്യവസ്ഥയില്ലാത്തതിനാലും പരാമർശം (2) , (5) , (6) , (7) , (8) പ്രകാരം അനുവദിച്ചിരുന്ന അവധികൾ പ്രത്യേക അവശതാവധിയായി പരിവർത്തനം ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പദ്മിനി കെ എസ്

ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ് തിരുവനന്തപുരം

2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം/തൃശ്ശൂർ

3.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , പത്തനംതിട്ട (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

4.സെക്രട്ടറി,വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത് ഓഫീസ് തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

5.ശ്രീ.അനീഷ് എൻ യു , ക്ലർക്ക് , വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

6.ധനകാര്യ വകുപ്പ് (11.11.2025ലെ e-2816103/ബജ-1/101/2024-ധന നമ്പർ യു ഒ റിമാർക്ക് പ്രകാരം)

8.ഡയറക്ടർ , ഐ കെ എം

9.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)

10.കരുതൽ ഫയൽ (ഫയൽ നം.53/ഇപിഎ1/2025-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം

Signed by

Danuja M S

സെക്ഷൻ ഓഫീസർ

Date: 09-01-2026 13:53:24